**"ഭരണഭാഷ-മാതൃഭാഷ"**

എൻ2/21836/2014/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം, തീയതി.27/08/2020
Phone: 0471-2328438
**Email: supdtn.dge@kerala.gov.in**

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം-പ്രീ-മെട്രിക് സ്കോളർഷിപ്പ് 2014-15-സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച് :-

സൂചന :-1. 22/01/2018 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ
2. 09/03/2018 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്

****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീ-മെട്രിക് സ്കോളർഷിപ്പ്-ന്റെ വിതരണവുമായി ബന്ധപ്പെട്ട്, 2014-15 വർഷം ടി സ്കോളർഷിപ്പിന് അർഹരായവരുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ ശേഖരിച്ച് നൽകേണ്ടതാണ്.

2014-15 വർഷം പഠിച്ചിരുന്നവരും, പ്രീ-മെട്രിക് സ്കോളർഷിപ്പ് -ന് അർഹത നേടുകയും ചെയ്തിട്ടുള്ള കുട്ടികളിൽ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയത് ഉൾപ്പടെയുള്ള കാരണങ്ങളാൽ, ടി തുക ഇനിയും ലഭിച്ചിട്ടില്ലാത്ത കുട്ടികളുടെ പേര് വിവരങ്ങൾ ഇതോടൊന്നിച്ച് പ്രസിദ്ധീകരിക്കുന്നു. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള താങ്കളുടെ ഓഫീസിന്റെ പരിധിയിലുൾപ്പെടുന്ന സ്കൂളുകളിലെ എല്ലാ കുട്ടികളുടേയും വിവരങ്ങൾ ശേഖരിച്ച് അറിയിക്കേണ്ടതാണ്. (വിവര ശേഖരണത്തിനുള്ള മാതൃക ഇതോടൊപ്പം ചേർത്തിട്ടുള്ളതാണ്)

നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ബാങ്ക് പാസ്ബുക്കിന്റെ വ്യക്തമായ പകർപ്പ്, ഏതെങ്കിലും തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് വിഭാഗത്തിലെ 0471-2328438, 9496304015, 8330818477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

മേൽ വിഷയത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിക്കുന്ന നിർദ്ദേശങ്ങളും അനുബന്ധ പ്രൊഫോർമയും **2020 സെപ്റ്റംബർ 10 നകം** ഉപജില്ലാ തലത്തിൽ തരം തിരിച്ച് അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ അയച്ച് നൽകേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ആയത് **2020 സെപ്റ്റംബർ 20** നകം പട്ടികയിൽ ഉൾപ്പെട്ട സ്കൂളുകളിലേക്ക് അയച്ച് നൽകേണ്ടതും, ടി വിവരങ്ങൾ നേരിട്ടല്ലാതെ നൽകുന്ന അവസരത്തിൽ പ്രധാനാധ്യാപകരുടെ പക്കൽ ലഭ്യമായി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സ്കൂളുകളിൽ നിന്നും ടി വിവരങ്ങൾ ശേഖരിച്ചു കൊണ്ടുള്ള പ്രൊഫോർമ (സ്കോളർഷിപ്പിന് അർഹരായവരുടെ ലിസ്റ്റ്, ഉൾപ്പെടെ) **2020 ഒക്ടോബർ 10 നകം** ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ തിരികെ വാങ്ങേണ്ടതും, ആയത് **2020 ഒക്ടോബർ 20** നകം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിമാർക്സ് ഉൾപ്പെടെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ടി സ്കോളർഷിപ്പിന് അർഹരായവരുടെ വിവരങ്ങൾ സ്കൂൾ തലത്തിൽ ശേഖരിക്കുന്ന നടപടി എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും നിരീക്ഷിക്കേണ്ടതും, ഈ കത്തിനൊപ്പം അയക്കുന്ന പട്ടികയിൽ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നിരീക്ഷണ കുറിപ്പ് (ഓരോ കുട്ടികളെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എങ്കിൽ ആയതിന്റെ കാരണം പ്രധാന അദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിക്കുന്നത് പരിശോധിച്ച്) രേഖപ്പെടുത്തി സമർപ്പിക്കേണ്ടതുമാണ്. ടി കുട്ടികളെ കണ്ടെത്തുന്നതിന് കത്ത് മുഖാന്തിരമോ, നേരിട്ടോ, പി.ടി.എ ഉൾപ്പെടെയുള്ള സ്കൂൾ സമിതികൾ മുഖാന്തരമോ നടപടി സ്വീകരിക്കാൻ പ്രധാന അദ്ധ്യാപകർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. ഏതെങ്കിലും പ്രധാന അദ്ധ്യാപകരുടെ ഭാഗത്ത് നിന്നും വേണ്ടത്ര ജാഗ്രതയില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം കണ്ടെത്തുകയാണെങ്കിൽ, അടിയന്തിര നടപടികൾ കൈക്കോള്ളേണ്ടതും, ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

മേൽ വിഷയത്തിൽ, സൂചനപ്രകാരം ടി സ്കോളർഷിപ്പ് വിതരണം നടത്തുന്നതിന് അറിയിപ്പുകൾ നൽകിയിരുന്നതും, എല്ലാ പ്രമുഖ പത്രങ്ങളിൽ ഉൾപ്പടെ അറിയിപ്പുകൾ നൽകിയിട്ടും ഇനിയും എൺപത്തി ആറായിരത്തിലധികം കുട്ടികൾക്ക് ടി സ്കോളർഷിപ്പ് നൽകുന്നതിന് ശേഷിക്കുന്നതായി കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ, എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അടിയന്തിര പ്രാധാന്യം നൽകി മേൽ നടപടി സ്വീകരിക്കേണ്ടതും, അതാത് വിദ്യാഭ്യാസ ജില്ലകളിലെ ടി വിഷയത്തിലുള്ള റിപ്പോർട്ട് (പെർഫോർമ ഉൾപ്പടെ) **2020 ഒക്ടോബർ 30** ന് മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു. ടി സ്കോളർഷിപ്പിന്റെ വിതരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ കാരണം സ്കോളർഷിപ്പ് ലഭിക്കാത്തത് സംബന്ധിച്ച ആക്ഷേപം ഉണ്ടാകുന്ന സാഹചര്യത്തിൽ, ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കേണ്ടി വരുമെന്നുള്ള വിവരം പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതാണ്.

**മേൽ വിഷയത്തിൽ സ്വീകരിക്കേണ്ട പൊതുനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, മേൽ പറഞ്ഞ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിന് സ്കോളർഷിപ്പ് സെക്ഷനുമായി ബന്ധപ്പെട്ട ഒരു ജീവനക്കാരനെ നോഡൽ ഓഫീസറായി നിയമിക്കേണ്ടതാണ്. ഇപ്രകാരം നിയമിക്കുന്ന ജീവനക്കാരന്റെ പേര്, തസ്തിക, മൊബൈൽ നം. എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലത്തിലെ എൻ-സെക്ഷനിൽ ഇ-മെയിൽ (***supdtn.dge@kerala.gov.in***) മുഖാന്തരം അറിയിക്കേണ്ടതാണ്.

2. സ്കൂളുകളിൽ നിന്നും പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായവരുടെ പട്ടിക മേൽ പറഞ്ഞ പ്രകാരം തിരികെ വാങ്ങുമ്പോൾ, പ്രസ്തുത കുട്ടികൾക്ക് 2014-15 കാലയളവിൽ ടി സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്നുള്ളത്, അതാത് സ്കൂളുകളിലെ ആയതിലേക്കുള്ള അക്വിറ്റൻസ് രജിസ്റ്റർ നോക്കി ഉറപ്പാക്കേണ്ടതും, ടി സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട് എങ്കിൽ ഇതൊടൊപ്പം നൽകുന്ന പെർഫോർമയിലെ റിമാർക്സ് കോളത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ് എന്ന നിർദ്ദേശം എല്ലാ പ്രധാനാധ്യാപകർക്കും നൽകേണ്ടതാണ്. അതോടൊപ്പം ആയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകേണ്ടതുമാണ്.

3. ഈ കത്തിനൊപ്പം ചേർത്തിട്ടുള്ള പട്ടികയിലെ വിവരങ്ങളിൽ, ഏതെങ്കിലും ഓഫീസ് തലത്തിൽ ആശയക്കുഴപ്പം ഉണ്ടാകുന്ന പക്ഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലത്തിലെ എൻ-സെക്ഷനിൽ ഇ-മെയിൽ (***supdtn.dge@kerala.gov.in***) മുഖാന്തരം അറിയിക്കേണ്ടതാണ്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നൽകുന്ന പട്ടികയിലെ ക്രമം ഡി.ഇ.ഒ/എ.ഇ.ഒ/സ്കൂൾ തലത്തിൽ യാതൊരു കാരണവശാലും പുനഃക്രമീകരിക്കരുത് എന്ന വിവരം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും കുട്ടിയെ ടി പട്ടികയിൽ നിന്നും ഒഴിവാക്കണമെങ്കിൽ റിമാർക്സ് കോളത്തിൽ കാരണം രേഖപ്പെടുത്തിയാൽ മതിയാകും.

4. 2014-15 വർഷം പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായ ടി കുട്ടികളുടെ വിവരങ്ങൾ നേരിട്ട് ശേഖരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിർബന്ധമായും അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ച്, ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് രജിസ്റ്റേർഡ് തപാലിൽ ടി കുട്ടികൾക്ക് (അപേക്ഷയുടെ മാതൃകയും ഉൾപ്പടെ) സമയബന്ധിതമായി അറിയിപ്പ് നൽകേണ്ടതാണ്.

5. അപേക്ഷകരുടെ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിലുള്ള അപേക്ഷ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് തുടങ്ങിയവ പ്രധാനാധ്യാപകർ വാങ്ങി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്വന്തം പേരിൽ മാത്രമായി അക്കൗണ്ട്

ഇല്ലാത്തപക്ഷം ജോയിന്റ് അക്കൗണ്ട് പരിഗണിക്കാവുന്നതാണ്. മറ്റുള്ളവരുടെ പേരിലുള്ള അക്കൗണ്ടുകൾ യാതൊരു കാരണവശാലും പരിഗണിക്കാനാവുന്നതല്ല.

6. സ്കൂളുകളിൽ നിന്നും പ്രധാനാധ്യാപകർ സമർപ്പിക്കുന്ന വിവരങ്ങൾ (നിർദ്ദിഷ്ട പെർഫോർമ , അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി., ബാങ്കിന്റെ പേര്, എന്നിങ്ങനെയുള്ള വിവരങ്ങൾ) ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളുമായി ചേർത്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം, ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ശുപർശയോടെ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പ്രധാന അധ്യാപകർ, ടി പ്രഫോർമയുടെ 3 കോപ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ടതും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയതിൽ ശുപാർശകൾ രേഖപ്പെടുത്തി 2 കോപ്പി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശകൾ രേഖപ്പെടുത്തിയ ശേഷം ഒരു കോപ്പി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

7. ഡി.ഇ.ഒ/,എ.ഇ.ഒ/എച്ച്.എം എന്നിവർ റിമാർക്സ് കോളത്തിൽ ടി സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണോയെന്ന് വ്യക്തമായ ശുപാർശ രേഖപ്പെടുത്തേണ്ടതാണ്. കുട്ടികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ആയതിലേയ്ക്ക് സ്വീകരിച്ച നടപടികൾ ഉൾപ്പടെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

8. ടി സ്കോളർഷിപ്പിന് അർഹരായവരുടെ അപ്ലിക്കേഷൻ നമ്പർ ഇതോടൊപ്പം ചേർത്തിട്ടുള്ള പെർഫോർമയിൽ രേഖപ്പെടുത്തിട്ടുള്ളത് അപേക്ഷ തയാറാക്കുന്നതിലേക്ക് ടി കുട്ടികൾക്ക് നൽകാവുന്നതും, ആയത് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രധാന അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

9. മേൽ പറഞ്ഞ പ്രകാരമുള്ള പെർഫോർമയുടെ സോഫ്റ്റ് കോപ്പികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന ക്രമത്തിൽ ഇ-മെയിൽ മുഖാന്തരം സമർപ്പിക്കുന്നതിലേക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

10. മേൽ വിഷയത്തിൽ സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിക്കുന്ന വിവരങ്ങളുടെ ആധികാരികത/കൃത്യത ഉറപ്പാക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**ഉള്ളടക്കം:-**
1. സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പട്ടിക (പ്രധാനാദ്ധ്യാപകൻ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിമാർക്സ് രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രൊഫോർമ ഉൾപ്പെടെ)
2. സ്കോളർഷിപ്പിന് അർഹരായ കുട്ടികളിൽ നിന്നും വിവരം ശേഖരിക്കുന്നതിന് നൽകേണ്ട് അപേക്ഷയുടെ മാതൃക.